**Mar Joseph Srampickal**
Bishop, Syro-Malabar Eparchy of Great Britain

Bishop's Office
Our Lady of Rosary and St. Terese of Lisieux Church,
141, Parkfield Road
Saltley, Birmingham
United Kingdom
B8 3BB
Email: bishop@csmegb.org

Circular No. 09/2021 10 August 2021

# വിമൻസ്  ഫോറം ഭാരവാഹികളുടെ തെരഞ്ഞെടുപ്പ്

**ദൈവഭക്തിയുള്ള സ്ത്രീ പ്രശംസയർഹിക്കുന്നു.**
**അവളുടെ അധ്വാനത്തെ വിലമതിക്കുവിൻ. (സുഭാ 31:30,31)**

മിശിഹായിൽ സ്നേഹം നിറഞ്ഞ സഹോദരീസഹോദരന്മാരേ,

ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ രൂപത സ്ഥാപിതമായിട്ട് അഞ്ചുവർഷം തികയുകയാണല്ലോ. കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ ദൈവം നടത്തിയ വഴികളെയോർത്ത് നന്ദിപറയാം. രൂപത സ്ഥാപിതമായിട്ട് ഒരു വർഷത്തിനുള്ളിൽ ലഭിച്ച വലിയ ദൈവാനുഗ്രങ്ങളിലൊന്നാണ് 2017 -ൽ രൂപീകൃതമായ വിമൻസ് ഫോറം സംഘടന. കഴിഞ്ഞ നാലു വർഷങ്ങളായി രൂപതാ – റീജിയണൽ - മിഷൻ തലങ്ങളിലായി വളരെ പ്രശംസനീയമായ പ്രവർത്തനങ്ങളാണ് വിമൻസ് ഫോറത്തിലൂടെ സംഭവിച്ചുകൊണ്ടിരിക്കുന്നത്. വളരെ പ്രത്യേകമായി പ്രാർത്ഥനാ സഹായത്തിലൂടെയും ചാരിറ്റി പ്രവർത്തനങ്ങളിലൂടെയും ഇടവകയുടെ പൊതുവായ പ്രവർത്തനങ്ങളിലെ പങ്കാളിത്തത്തിലൂടെയും വളരെ സ്തുത്യർഹവും നിസ്വാർത്ഥവുമായ സേവനം കാഴ്ചവച്ച എല്ലാ വിമൻസ് ഫോറം പ്രവർത്തകരേയും അവർക്ക് നേതൃത്വം നൽകിയ രൂപതാ – റീജിയണൽ – മിഷൻ - തല ഭാരവാഹികളേയും പ്രത്യേകമായി അഭിനന്ദിക്കുകയും അവരെ നന്ദിയോടെ സ്മരിക്കുകയും ചെയ്യുന്നു. കോവിഡ് പ്രതിസന്ധി മൂലം തക്കസമയത്ത് തെരഞ്ഞടുപ്പുകൾ നടത്താൻ നമുക്ക് സാധിച്ചില്ല. എങ്കിലും ഈ വർഷം തെരഞ്ഞടുപ്പുകൾ നടത്താൻ സാധിക്കുന്നത് വലിയ ദൈവാനുഗ്രഹമായി കാണുന്നു. നമ്മുടെ എല്ലാ ഇടവക – മിഷൻ – നിയുക്ത മിഷൻ തലങ്ങളിൽ ജൂലൈ 31-ാം തിയതിക്കു മുമ്പായി തെരഞ്ഞടുപ്പു നടത്താൻ നിർദ്ദേശിച്ചിരുന്നു. ഭൂരിപക്ഷം സ്ഥലങ്ങളിലും ഇതിനോടകം തെരഞ്ഞടുപ്പുകൾ നടന്നുകഴിഞ്ഞിട്ടുണ്ട്. അങ്ങനെയുള്ള സ്ഥലങ്ങളിൽ ആഗസ്റ്റ് 15 മുതൽ പുതിയ ഭാരവാഹികൾ പ്രവർത്തിച്ചു തുടങ്ങാവുന്നതാണ്. ബഹുമാനപ്പെട്ട വികാ

രിയച്ചന്റെ നേതൃത്വത്തിൽ ഭാരവാഹികൾ പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും അതതു സ്ഥലങ്ങളിലെ സാഹചര്യങ്ങൾ അനുസരിച്ച് പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകേണ്ടതുമാണ്. സ്ഥാനമൊഴിയുന്ന ഭാരവാഹികൾക്ക് അവർ നാളിതുവരെ ചെയ്ത എല്ലാ സേവനങ്ങൾക്കും ഏറെ ഹൃദ്യമായി നന്ദി പ്രകാശിപ്പിക്കുന്നു. അവരുടെ പ്രവർത്തനം തുടർന്നും സജീവമായിതന്നെ ഉണ്ടാകണമെന്ന് പ്രത്യേകമായി അഭ്യർത്ഥിക്കുകയും അവർക്കും അവരുടെ കുടുംബങ്ങൾക്കും എല്ലാ ദൈവാനുഗ്രഹങ്ങളും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**റീജിയണൽ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ്**

ആഗസ്റ്റ് 31 ന് മുമ്പായി റീജിയണൽ തെരഞ്ഞെടുപ്പ് നടത്തണമെന്ന് നിർദ്ദേശിച്ചിരുന്നെങ്കിലും എല്ലാ സ്ഥലങ്ങളിലും തെരഞ്ഞെടുപ്പ് നടക്കാത്തതുകൊണ്ടും മറ്റ് പ്രതികൂലസാഹചര്യങ്ങളും പരിഗണിച്ച് റീജിയണൽ തെരഞ്ഞെടുപ്പ് സെപ്റ്റംബറിലേക്ക് മാറ്റി വയ്ക്കുകയാണ്. പുതിയതായി നിർദ്ദേശിക്കപ്പെടുന്ന തീയതികൾ: സെപ്റ്റംബർ 9 -ാം തീയതി കവൻട്രി, 10 -ാം തീയതി കേംബ്രിഡ്ജ്, 13 -ാം തീയതി സൗത്താംപ്ടൺ, 14 -ാം തീയതി ലണ്ടൺ, 15 -ാം തീയതി ബ്രിസ്റ്റോൾ - കാർഡിഫ്, 17 -ാം തീയതി മാഞ്ചസ്റ്റർ, 20 -ാം തീയതി പ്രസ്റ്റൺ, 21 -ാം തീയതി ഗ്ലാസ്ഗോ. എല്ലാ റീജിയണുകളിലും വൈകുന്നേരം എട്ടു മണിക്ക് Zoom-ൽ തെരഞ്ഞെടുപ്പു നടത്തുന്നതും റീജിയണൽ ഡയറക്ടരോടൊപ്പം രൂപതാ ഭാരവാഹികൾ നേതൃത്വം നൽകുന്നതുമാണ്. ഓരോ ഇടവക/മിഷൻ/നിയുക്ത മിഷനുകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട് രൂപതാ ഡയറക്ടർക്ക് പേരുകൾ നൽകപ്പെട്ട യൂണിറ്റ് ഭാരവാഹികളാണ് തെരഞ്ഞെടുപ്പിൽ പങ്കെടുക്കേണ്ടത്. യൂണിറ്റുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട റീജിയണൽ കൗൺസിലേഴ്സിൽ നിന്നും റീജിയണൽ ഭാരവാഹികളെ തെരഞ്ഞടുക്കുന്നതായിരിക്കും ഉത്തമം. രണ്ട് രൂപതാ കൗൺസിലേഴ്സ്, പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ, വൈസ് പ്രസിഡന്റ്, ജോയിന്റ് സെക്രട്ടറി ഈ ക്രമത്തിൽ 7 റീജിയണൽ ഭാരവാഹികളെ തെരഞ്ഞെടുക്കേണ്ടതാണ്.

യൂണിറ്റുകളിലും റീജിയണിലും തെരഞ്ഞെടുക്കപ്പെടുന്ന ഭാരവാഹികളുടെ പേരുകൾ രൂപതാ ഡയറക്റ്റർക്ക് (Rev Sr Kusumam S H - WhatsApp: 00-44-7309085138 and Email: womenforum@csmegb.org) കൊടുക്കേണ്ടതാണ്.

**രൂപതാ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ്**

റീജിയണുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന രൂപതാ കൗൺസിലേഴ്സായിരിക്കും രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ. അവരിൽ നിന്നും അഞ്ചു രൂപതാ ഭാരവാഹികളെ തെരഞ്ഞെടുക്കുന്നതാണ്. നവംബർ 6 -ാം തീയതിയാണ് തെരഞ്ഞെടുപ്പു നടത്താൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്. റീജിയണൽ ഭാരവാഹികളാണ് (7 x 8 റീജിയണുകൾ) രൂപതാ ഭാരവാഹികളെ തെരഞ്ഞെടുക്കുന്നത്. സാഹചര്യം അനുകൂലമാണെങ്കിൽ റീജീയണൽ ഭാരവാഹികൾ ഒരുമിച്ച് ബർമ്മിംങ്ങ്ഹാമിൽ സമ്മേളിച്ച് തെരഞ്ഞെടുപ്പ് നടത്താൻ സാധിക്കുമെന്നു പ്രത്യാശിക്കുന്നു.

വിമൻസ് ഫോറത്തിന്റെ പ്രാധാന്യം മനസ്സിലാക്കി എല്ലാ സ്ഥലങ്ങളിലും അതിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി മുന്നാട്ടുകൊണ്ടുപോകാൻ സാധിക്കട്ടെയെന്ന് ആശംസിക്കുന്നു. കുടുംബത്തിലും ഇടവകയിലും രൂപതയിലും അവരവരുടെ പ്രവർത്തനമേഖലകളിലുമെല്ലാം സ്ത്രീയുടെ അധ്വാനത്തെ വിലമതിക്കുവാൻ വിമൻസ് ഫോറം സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ദൈവഭക്തിയോടെ, സഹോദരസ്നേഹത്തോടെ, സാമുഹ്യപ്രതിബദ്ധതയോടെ പ്രവർത്തിച്ചു പ്രശംസയർഹിക്കുവാൻ വിമൻസ് ഫോറത്തിന്റെ എല്ലാ അംഗങ്ങൾക്കും സാധിക്കട്ടെ. അതിന് നേതൃത്വം കൊടുക്കുവാനുള്ള ശക്തി എല്ലാ വിമൻസ് ഫോറം ഭാരവാഹികൾക്കും നല്കി പിതാവും പുത്രനും റൂഹാദ്ക്കുദ്ശായുമായ സർവ്വേശ്വരൻ അനുഗ്രഹിക്കട്ടെയെന്നും പ്രാർത്ഥിക്കുന്നു. പരിശുദ്ധ കന്യകാമറിയത്തിന്റെയും മാർ യൗസപ്പിതാവിന്റെയും മാധ്യസ്ഥവും സഹായവും എപ്പോഴും ഉണ്ടായിരിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Joseph Srampickal

മാർ ജോസഫ് സ്രാമ്പിക്കൽ
ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ രൂപതാ മെത്രാൻ

---

NB: ഈ സർക്കുലർ ഗ്രേറ്റ് ബ്രിട്ടണിൽ സീറോ മലബാർ കുർബാന അർപ്പിക്കപ്പെടുന്ന എല്ലാ സമൂഹങ്ങളിലും 2021 സെപ്റ്റംബർ 6 ന് മുമ്പായി വായിക്കേണ്ടതാണ്.